HLM-0166

The Heavenly Light Ministry

പരിശുദ്ധാത്മാവേ ശക്തി പകർന്നിടണേ
അവിടുത്തെ ബലം ഞങ്ങൾക്കാവശ്യമെന്ന്
കർത്താവേ നീ അറിയുന്നു

ആദ്യ നൂററാണ്ടിലെ അനുഭവം പോൽ
അതിശയം ലോകത്തിൽ നടന്നീടുവാൻ
ആദിയിലെന്നപോലാത്മാവേ
അനുഗ്രഹം ചൊരിഞ്ഞിടണെ... പരിശുദ്ധാ

ലോകത്തിൻ മോഹം വിട്ടോടിടുവാൻ
സാത്താന്യ ശക്തിയെ ജയിച്ചിടുവാൻ
ധീരതയോടു നിൻ വേലചെയ്‌വാൻ
അഭിഷേകം ചെയ്തിടണേ... പരിശുദ്ധാ

കൃപകളും വരങ്ങളും ജ്വലിച്ചിടുവാൻ ഞങ്ങൾ
വചനത്തിൽ വേരൂന്നി വളർന്നിടുവാൻ
പിന്മഴയെ വീണ്ടും അയയക്കണമെ
നിൻ ജനം ഉണർന്നീടുവാൻ... പരിശുദ്ധാ